# ശോഭയുടെ മാട്രസ് ഡിവിഷന് അംഗീകാരം

കൊച്ചി: ശോഭ ഡെവലപ്പേഴ്സിന്റെ മാട്രസ് ഡിവിഷനായ ശോഭ റെസ്റ്റോ പ്ലസിന് ഐഎസ്ഒ 9001:2008 ലഭിച്ചു. ടിയുവി റെയ്ലാൻഡിൽ നിന്നാണ് ശോഭ റെസ്റ്റോ പ്ലസ് ഈ അംഗീകാരം നേടിയത്. ടിയുവി ഡയറക്ടർ ഫിനാൻസ് എം. ഭാസ്കർ അംഗീകാര സർട്ടിഫിക്കറ്റ് ശോഭ ഡെവലപ്പേഴ്സ് ചെയർമാൻ രവി മേനോന് സമ്മാനിച്ചു.

റെസ്റ്റോ പ്ലസിന് ലഭിച്ച ഈ അംഗീകാരം ഗുണനിലവാരത്തിലുള്ള തങ്ങളുടെ പ്രതിബദ്ധതയെ ഒരിക്കൽ കൂടി ഊട്ടിയുറപ്പിക്കുകയാണെന്ന് രവി മേനോൻ പറഞ്ഞു. 27 വിവിധ ഇനം മെത്തകളാണ് ഡിവിഷൻ നിർമിക്കുന്നത്.

ബാംഗ്ലൂരിലെ ജിഗ്നി ലിങ്ക് റോഡിലാണ് ഡിവിഷന്റെ 1.7 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള നിർമാണ യൂണിറ്റ്.